ഉത്തരം

(എ) 1297

(ബി) ക്ഷേത്രങ്ങൾ - 853

ക്രിസ്ത്യൻ പള്ളികൾ - 375

മുസ്ലീം പള്ളികൾ - 66

മറ്റു ദേവാലയങ്ങൾ - 3

(സി) 13 സംഭവങ്ങൾ

വർഗ്ഗീയ സംഘട്ടനങ്ങൾ

63 (70) ശ്രീ. കെ. മുഹമ്മദാലി :

ശ്രീ. ജോർജ്ജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എവിടെയെല്ലാം വർഗ്ഗീയ സംഘട്ടനങ്ങൾ ഉണ്ടായിട്ടുണ്ട് ;

(ബി) ഈ വർഗ്ഗീയ സംഘട്ടനങ്ങൾക്കുള്ള കാരണങ്ങൾ എന്തെല്ലാം ;

(സി) ഈ സംഘട്ടനങ്ങളെ തുടർന്ന് എന്തെല്ലാം നാശനഷ്ടമുണ്ടായി ;

(ഡി) 2000 ഏപ്രിൽ മാസത്തിൽ നാദാപുരം കല്ലാച്ചി മേഖലയിൽ വർഗ്ഗീയ സംഘട്ടനം ഉണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിനുള്ള കാരണം എന്താണ് ;

(ഇ) ഈ സംഘട്ടനങ്ങളിൽ എന്തെല്ലാം നാശനഷ്ടങ്ങളുണ്ടായി ;

(എഫ്) ഈ വർഗ്ഗീയ സംഘട്ടനത്തെപ്പറ്റി ഒരു ജുഡീഷ്യൽ അന്വേഷണം നടത്തുമോ?

ഉത്തരം

(എ-സി) എറണാകുളം-നദിയാപുരം (പള്ളുരുത്തി)- ഇൻഡ്യ-പാകിസ്ഥാൻ ക്രിക്കറ്റ് മത്സരത്തിൽ ഇൻഡ്യൻ ടീമിന്റെ വിജയം ആഘോഷിക്കാൻ ഒരു ക്രിസ്ത്യാനിയുടെ നേതൃത്വത്തിൽ നടന്ന ഘോഷയാത്രയെ മുസ്ലീങ്ങൾ വർഗ്ഗീയ വിരോധം വച്ച് ആക്രമിച്ചു.

പാലക്കാട്, കൊല്ലംകോട്, കൊഴിഞ്ഞാംപാറ ഒരു മുസ്ലീം ലോറിഡ്രൈവറെയും അയാളുടെ രണ്ട് കൂട്ടുകാരേയും വർഗ്ഗീയവിരോധം വച്ച് ബി.ജെ.പി. പ്രവർത്തകർ കൊഴിഞ്ഞാംപാറയിൽ വച്ച് ആക്രമിച്ചതു കാരണം കൊല്ലംകോട് നിലനിന്ന ബി.ജെ.പി-എൻ.ഡി.എഫ് വിരോധം മണി എന്ന ബി.ജെ.പി പ്രവർത്തകന്റെ കൊലപാതകത്തിൽ കലാശിച്ചു. മലപ്പുറം, നമ്പൂരിപ്പടി, പഴംകുളങ്ങര, ബി.പി. അങ്ങാടി, സന്ധ്യാറാണി എന്ന ഹിന്ദു സ്ത്രീ

LIBRARY ARCHIVES Kerala Legislative Assembly

ഇസ്ലാം മതം സ്വീകരിച്ചതിനെതുടർന്ന് ഉണ്ടായ വർഗ്ഗീയ വിരോധം നമ്പൂരിപ്പടിയിൽ ഹിന്ദു-മുസ്ലീം സംഘട്ടനത്തിന് കാരണമായി.

ഹിന്ദു മതം വിട്ട് ഇസ്ലാം മതം സ്വീകരിച്ച വിരോധം വച്ച് കാസിൻ എന്നയാളെ പഴംകുളങ്ങരയിൽ വച്ച് ആർ.എസ്.എസ്. കാർ കൊലപ്പെടുത്തി ഈ സംഭവത്തെ തുടർന്ന് ബി.പി. അങ്ങാടിയിൽ മുസ്ലീങ്ങൾ ഒരു ഹിന്ദുവിനെ ആക്രമിച്ച് പരിക്കേൽപ്പിച്ചു. കോഴിക്കോട് ബേപ്പൂർ കുന്ദമംഗലം-ബേപ്പൂരിൽ പുറത്തു നിന്ന് ക്രിസ്ത്യൻ മത്സ്യതൊഴിലാളികളെ മുസ്ലീം മത്സ്യവ്യാപാരികൾ മത്സ്യബന്ധനത്തിന് നിയോഗിച്ചതിൽ പ്രതിഷേധിച്ച് ഹിന്ദു വിഭാഗത്തിൽപ്പെട്ട മത്സ്യതൊഴിലാളികൾ പ്രശ്നങ്ങൾ സൃഷ്ടിക്കുകയും തുടർന്ന് പരസ്പരം സംഘട്ടനങ്ങളിൽ ഏർപ്പെടുകയും ചെയ്തു. ഹിന്ദു മുസ്ലീം വർഗ്ഗീയതയാണ് കുന്ദമംഗലത്ത് നടന്ന സംഭവത്തിന് കാരണം. കണ്ണൂർ കുഞ്ഞിമംഗലം അങ്ങാടി നിർവേലി, പൊയ്ലൂർ വെങ്കരപള്ളി കുഞ്ഞിമംഗലം അങ്ങാടിയിലും പൊയലൂരിലും ഹിന്ദു മുസ്ലീം വർഗ്ഗീയത സംഘട്ടനത്തിന് കാരണമായി. മുസ്ലീം യുവതിയെ ഒരു ഹിന്ദു യുവാവ് മാനഭംഗപ്പെടുത്തിയത് നിർവേലിയിൽ സംഘട്ടനത്തിന് കാരണമായി. കാസർഗോഡ്- കാസർഗോഡ് ബീച്ച്, നെല്ലിക്കുന്ന്, ചള്ളപൂരി, കാവുഹോളി കടപ്പുറം, താലങ്കര രാംദാസ് നഗർ, മുല്ലെരിയ- കാസർഗോഡ് കടപ്പുറത്തു വച്ച് മുസ്ലീം യുവാക്കൾ ഒരു ഹിന്ദു യുവതിയുടെ ഫോട്ടോ എടുത്തതിനെപ്പറ്റി ഹിന്ദുക്കളും മുസ്ലീങ്ങളും തമ്മിൽ വാക്കുതർക്കമുണ്ടാകുകയും തുടർന്ന് കാസർഗോഡ് ബീച്ച് ചള്ളും, നെല്ലിക്കുന്നു എന്നിവിടങ്ങളിൽ സംഘട്ടനം ഉണ്ടാകുകയും ചെയ്തു. കാവുഹോളിയിലെ സംഘട്ടനത്തിന് കാരണം ഇൻഡ്യ-പാകിസ്ഥാൻ ക്രിക്കറ്റ് മത്സരത്തെ ചൊല്ലിയുണ്ടായ തർക്കമാണ്. ചൂരി, താലങ്കര, രാംദാസ് നഗർ, മുല്ലെരിയ എന്നിവിടങ്ങളിൽ പ്രാദേശികമായുണ്ടായിരുന്ന നിസ്സാര പ്രശ്നങ്ങളെ ചൊല്ലിയുള്ള തർക്കവും, ഇവിടെ നിലനിൽക്കുന്ന ഹിന്ദു മുസ്ലീം വർഗ്ഗീയ വിരോധവുമാണ് കാരണം.

(ഡി) 2000 ഏപ്രിലിൽ നാദാപുരം കല്ലാച്ചി മേഖലയിൽ വർഗ്ഗീയ സംഘട്ടനമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ & എഫ്) മുകളിൽ (ഡി) പിരിവിനുള്ള മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

കണിച്ചുകുളങ്ങര ദേവീക്ഷേത്രത്തിൽ പോലീസ് ഭക്തജനങ്ങളെ ഭീഷണിപ്പെടുത്തിയ സംഭവം

64 (71) ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000-മാണ്ട് ഏപ്രിൽ മാസത്തിൽ കണിച്ചുകുളങ്ങര ദേവി ക്ഷേത്രത്തിൽ ഒരു കൂട്ടം പോലീസുകാരും സി.ഐ.യും ഷൂസിട്ട് പ്രവേശിക്കുകയും ഭക്തജനങ്ങളെ ഭീഷണിപ്പെടുത്തുകയും ചെയ്ത സംഭവം ഉണ്ടായിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly